# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.327

19-2-2013 ചൊവ്വാഴ്ച മറുപടിക്ക്

## 2012-ലെ നയപ്രഖ്യാപന പ്രസംഗത്തിലെ നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ.<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ.<br>ശ്രീമതി.കെ.എസ്.സലീഖ.<br>ശ്രീ.ബി.സത്യൻ. | ശ്രീ.ഉമ്മൻചാണ്ടി,<br>ബഹു. മുഖ്യമന്ത്രി. |
| (എ) 2012-ൽ ബഹു. ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലെ നിർദ്ദേശങ്ങൾ എല്ലാം നടപ്പിലാക്കുകയുണ്ടായോ; സർക്കാർ ഇക്കാര്യം അവലോകനം ചെയ്തിട്ടുണ്ടായിരുന്നുവോ; പൂർണ്ണമായും നിർവ്വഹിക്കപ്പെട്ട നിർദ്ദേശങ്ങൾ എത്ര; പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ പോയവ ഏതൊക്കെയായിരുന്നു; | (എ) 2012-ൽ ബഹു. ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലെ എല്ലാ നിർദ്ദേശങ്ങളും നടപ്പാക്കിയിട്ടില്ല. നയപ്രഖ്യാപനത്തിലെ പല നിർദ്ദേശങ്ങളും നടപ്പിൽ വരുത്തിയതും ബാക്കിയുള്ളവ നടപ്പിൽ വരുത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നവയുമാണ്. വകുപ്പു മന്ത്രിമാരും മുഖ്യമന്ത്രിയും ഇക്കാര്യത്തിൽ അവലോകനങ്ങൾ നടത്തിയിട്ടുണ്ട്. അവലോകന വേളയിൽ നിർവ്വഹിക്കപ്പെട്ട നിർദ്ദേശങ്ങളുടെയും നിർവ്വഹിക്കുന്നതിനുള്ള നടപടി തുടർന്നു വരുന്ന നിർദ്ദേശങ്ങളുടെയും പൂർണ്ണമായി നിർവ്വഹിക്കാൻ കഴിയാതെ പോയ നിർദ്ദേശങ്ങളുടെയും വിശദമായ പരിശോധന നടത്തി വരുന്നുണ്ട്. നടപ്പാക്കാനുള്ളതും നടപടി തുടരുന്നതുമായ നിർദ്ദേശങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

→

(ബി) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും നിർവ്വഹണം നടന്നിട്ടില്ലാത്തവ ഏതൊക്കെയായിരുന്നു;

(സി) പ്രഖ്യാപിച്ച ഏതെല്ലാം നയങ്ങളിൽ നിന്ന് വ്യതിചലിക്കുകയുണ്ടായി;

(ഡി) പ്രഖ്യാപനവും പ്രവൃത്തിയും തമ്മിലുള്ള വ്യത്യാസം അവലോകനം ചെയ്യുകയുണ്ടായോ?

(ബി-യും സി-യും ഡി-യും)

നയപ്രഖ്യാപന പ്രസംഗത്തിലെ നിർദ്ദേശങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച് വിശദമായ ഒരു അവലോകനം നടത്തുന്നതും അവലോകന വേളയിൽ നിർവ്വഹണം നടന്നിട്ടില്ലാത്ത നിർദ്ദേശങ്ങളുടെയും, പ്രഖ്യാപിച്ച നയങ്ങളിൽ നിന്ന് വ്യതിചലനമോ വ്യത്യാസമോ ഉണ്ടെങ്കിൽ അവയുടെയും വിശദാംശങ്ങൾ പരിശോധിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ